"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ പറപ്പൂക്കര പി.വി.എസ്.ഹൈസ്കൂൾ ക്ലാർക്ക് (റിട്ട.) ശ്രീ. കൃഷ്ണൻകുട്ടി ഫയൽ ചെയ്ത 10749/2016 നമ്പർ റിട്ട് പെറ്റിഷനിൽ ബഹു. ഹൈക്കോടതിയുടെ 28/10/2023-ലെ ഇടക്കാല വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വകുപ്പ്**

സ.ഉ.(സാധാ) നം.2665/2024/GEDN തീയതി,തിരുവനന്തപുരം, 15-04-2024

---

പരാമർശം:-
1. ശ്രീ. കൃഷ്ണൻകുട്ടി ഫയൽ ചെയ്ത 10749/2016 നമ്പർ റിട്ട് പെറ്റിഷനിൽ ബഹു.ഹൈക്കോടതിയുടെ 28/10/2023-ലെ ഇടക്കാല ഉത്തരവ്
2. തൃശ്ശൂർ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 3/11/2023, 23/11/2023 തീയതികളിലെ DDE/TSR/9406/2023-D2 നമ്പർ കത്തുകൾ
3. സർക്കാരിന്റെ 9/11/2023-ലെ എസ്2/299/2023/പൊ.വി.വ നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ പറപ്പൂക്കര പി.വി.എസ്.ഹൈസ്കൂളിൽ നിന്നും ക്ലാർക്ക് തസ്തികയിൽ വിരമിച്ച ശ്രീ. കൃഷ്ണൻകുട്ടി ഫയൽ ചെയ്ത 10749/2016 നമ്പർ റിട്ട് പെറ്റിഷനിൽ പരാമർശം (1) പ്രകാരമുള്ള ബഹു.ഹൈക്കോടതിയുടെ 28/10/2023-ലെ ഇടക്കാല വിധിന്യായത്തിൽ ടിയാന്റെ തടഞ്ഞുവെയ്ക്കപ്പെട്ട ഡി.സി.ആർ.ജി. തുക, ഹർജ്ജിക്കാരന്റെ സമ്മതപത്രം വാങ്ങി രണ്ടാഴ്ചയ്ക്കുള്ളിൽ വിതരണം ചെയ്യുന്നതിന് എതിർകക്ഷികൾക്ക് നിർദ്ദേശം നൽകിയിരുന്നു. അന്തിമവിധി അനുകൂലമല്ലെങ്കിൽ പ്രസ്തുത തുക പെറ്റിഷണറിൽ നിന്നും തിരിച്ചുപിടിക്കാനും നിർദ്ദേശമുണ്ട്.

ശ്രീ.കെ.കൃഷ്ണൻകുട്ടിക്ക് അനുവദിക്കപ്പെട്ടിരുന്ന ഹയർ ഗ്രേഡുകൾ ക്രമരഹിതമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ശമ്പള ഇനത്തിൽ കൈപ്പറ്റിയ അധിക തുകയായ 3,32,901/- രൂപ ടിയാന്റെ ബാധ്യതയായി ഡി.സി.ആർ.ജി.യിൽ നിന്ന് ഈടാക്കിയതായി തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയാണ് സമ്മതപത്രം വാങ്ങി നൽകുവാൻ വിധിയായിട്ടുള്ളത്.

സർക്കാർ ടി വിഷയം മുൻ കോടതി വിധികളുടെയും സർക്കാർ ഉത്തരവുകളുടെയും വെളിച്ചത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി

State of Punjab V Rafiq Masih (2015) 4 SCC 334, പ്രകാരം ജീവനക്കാരന്റെ തെറ്റുകൊണ്ടല്ലാതെ അധിക ശമ്പളം നൽകാനിടയാകുന്ന സാഹചര്യങ്ങളിൽ വിരമിച്ച ജീവനക്കാർ, വിരമിക്കാൻ ഒരു വർഷം മാത്രം ബാക്കിയുള്ളവർ, ക്ലാസ് 3, ക്ലാസ് 4 ജീവനക്കാർ, ആനുകൂല്യം നൽകി 5 വർഷം പിന്നിട്ടവർ തുടങ്ങി വിവിധ സാഹചര്യങ്ങളിൽ തിരിച്ചു പിടിക്കുന്നത് അനുവദനീയമല്ല എന്ന് വിധിച്ചിട്ടുള്ളതാണ്.

ഏതെങ്കിലും ചട്ടമോ ഉത്തരവോ തെറ്റായി വ്യാഖ്യാനിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരന് നൽകിയ തുക പിന്നീട് തെറ്റാണെന്ന് കണ്ടു പിടിച്ചാൽ അത് തിരിച്ചു പിടിക്കാൻ

തൊഴിലുടമയ്ക്ക് അധികാരമില്ല, തൊഴിലുടമയുടെ ഭാഗത്ത് നിന്നുള്ള തെറ്റുകൊണ്ട് അധിക തുക ശമ്പളമായി നൽകാനിടയായാൽ ജീവനക്കാരന്റെ ഭാഗത്ത് നിന്നും വഞ്ചന/തെറ്റിദ്ധരിപ്പിക്കൽ എന്നിവ തെളിയിക്കപ്പെടാത്തിടത്തോളം റിക്കവറി സാധ്യമല്ല എന്ന State of Punjab V Rafiq Masih (2015) 4 SCC 334 കേസിൽ ബഹു. സുപ്രീം കോടതി വിധിച്ചിട്ടുള്ളത് 2/5/2022 തീയതി സിവിൽ അപ്പീൽ 7115/2010 കേസിൽ ബഹു. സുപ്രീം കോടതി ആവർത്തിച്ചിട്ടുമുണ്ട്. ഇത് settled position of law ആയതിനാൽ പ്രസ്തുത വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതി വിവിധ കേസുകളിൽ റിക്കവറി തടഞ്ഞിട്ടുള്ളതാണ്.

ക്ലർക്ക് തസ്തികയ്ക്ക് തുടർ പ്രൊമോഷൻ തസ്തികകൾ എയ്ഡഡ് എസ്റ്റാബ്ലിഷ്മെന്റുകളിൽ ഇല്ലാത്ത സാഹചര്യത്തിൽ കാലാകാലങ്ങളിലെ ശമ്പള പരിഷ്കരണ ഉത്തരവുകളിലെ പട്ടിക പ്രകാരമുള്ള സ്കെയിലുകളിൽ മാത്രമേ ഇത്തരക്കാർക്ക് സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കാൻ കഴിയൂ എന്നാണ് ധനകാര്യ വകുപ്പിന്റെ നിലപാട് എങ്കിലും പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവായ 10.02.2021ലെ ജി.ഒ.(പി) നം.27/2021/ഫിൻ സർക്കാർ ഉത്തരവിന്റെ അനക്സർ vi-ലെ ഖണ്ഡിക 16 പ്രകാരം എയ്ഡഡ് സ്കൂൾ ക്ലർക്കുമാർക്ക് ഒന്നാം സമയബന്ധിത ഹയർഗ്രേഡ് സീനിയർ ക്ലർക്കിന്റെ സ്കെയിലിലും രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡ് ഹെഡ് ക്ലർക്കിന്റെ സ്കെയിലിലും മൂന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് ജൂനിയർ സൂപ്രണ്ടിന്റെ സ്കെയിലിലും നാലാം സമയ ബന്ധിത ഹയർ ഗ്രേഡ് ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്)ന്റെ സ്കെയിലിലും 01.04.2021 പ്രാബല്യത്തിൽ അനുവദിക്കാമെന്ന് ഉത്തരവായിട്ടുണ്ട്.

ബഹു. ഹൈക്കോടതിയുടെ 28/10/2023-ലെ ഇടക്കാല വിധി പ്രകാരം ഡി.സി.ആർ.ജി. തുക, ടിയാനിൽ നിന്ന് സമ്മതപത്രം വാങ്ങി, വിതരണം ചെയ്യാനും റിട്ട് പെറ്റീഷന്റെ അന്തിമ വിധി പെറ്റിഷണർക്ക് വിരുദ്ധമായി വന്നാൽ പ്രസ്തുത തുക ടിയാനിൽ നിന്നും മേൽ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ച് പിടിക്കാവുന്നതുമാണ്.

മേൽ സാഹചര്യത്തിൽ, തൃശ്ശൂർ പറപ്പൂക്കര പി.വി.എസ്.ഹൈസ്കൂളിൽ നിന്നും ക്ലാർക്ക് തസ്തികയിൽ വിരമിച്ച ശ്രീ.കൃഷ്ണൻകുട്ടിയുടെ തടഞ്ഞുവെയ്ക്കപ്പെട്ട ഡി.സി.ആർ.ജി. തുക, കോടതി നിർദ്ദേശിച്ച പ്രകാരം ടിയാനിൽ നിന്ന് സമ്മതപത്രം വാങ്ങി വിതരണം ചെയ്യുന്നതിന് തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട്, ടിയാൻ ഫയൽ ചെയ്ത 10749/2016 നമ്പർ റിട്ട് പെറ്റിഷനിൽ ബഹു.ഹൈക്കോടതിയുടെ 28/10/2023-ലെ ഇടക്കാല വിധിന്യായം പാലിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (അറിവിലേയ്ക്കായി)
ശ്രീ. കെ.കൃഷ്ണൻകുട്ടി, ക്ലാർക്ക് (റിട്ട.), പി.വി.എസ്.ഹൈസ്കൂൾ, പറപ്പൂക്കര, തൃശ്ശൂർ (മാനേജർ മുഖാന്തരം)
മാനേജർ, പി.വി.എസ്.ഹൈസ്കൂൾ, പറപ്പൂക്കര, തൃശ്ശൂർ
വിദ്യാഭ്യാസ ഉപ ഡയറക്ടർ, തൃശ്ശൂർ
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Padmakumari B
Date: 15-04-2024 14:29:07

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു: പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ് ന്

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്